LIBRARY ARCHIVES Kerala Legislative Assembly

### (5) റവന്യൂ കോംപ്ലക്സ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കിഴക്കിന്റെ കവാടമായ കാഞ്ഞിരപ്പള്ളി താലൂക്ക് വിസ്തൃതിയിലും വിശാലമായ പ്രവർത്തന മേഖലയിലും ഏറ്റവും പ്രധാനപ്പെട്ട ഒരു സർക്കാർ സംവിധാനമാണ്. നിലവിൽ അവിടെ ഒരു സിവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് ധാരാളം പരിമിതികളുണ്ട്. റവന്യൂ വകുപ്പിന്റേതുൾപ്പെടെ നിരവധി ഓഫീസുകളാണ് ഈ കെട്ടിടത്തിനുള്ളിൽ പ്രവർത്തിക്കുന്നത്. കിഴക്കൻ മേഖലയിൽനിന്നും ധാരാളം ആളുകൾ വിശാലമായ റവന്യൂ ഡിവിഷന്റെ കീഴിൽ വിവിധ ആവശ്യങ്ങൾക്കായി കടന്നുവരുമ്പോൾ അവർക്കെല്ലാം ആവശ്യമായ സൗകര്യങ്ങൾ ചെയ്യാനും അവരെയെല്ലാം ഉൾക്കൊള്ളാനും പല ഘട്ടത്തിലും കഴിയുന്നില്ല. റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ നിലവിലുള്ള പരിമിതികള്ളിൽ നിന്നാണ് നടത്തുന്നത്. ട്രെയിനിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് കോട്ടയം ജില്ലയിലെ കളക്ടറേറ്റിൽ സ്ഥലമില്ലാത്തതിനാൽ റവന്യൂ ഉദ്യോഗസ്ഥർ മറ്റ് സ്ഥലങ്ങളിലെ കെട്ടിടങ്ങളെയാണ് പലപ്പോഴും ആശ്രയിക്കുന്നത്. ഈ പ്രദേശത്ത് ട്രെയിനിംഗ് സംവിധാനത്തിനടക്കമുള്ള കെട്ടിടവും പുതിയ റവന്യൂ കോംപ്ലക്സും നിർമ്മിക്കാൻ കഴിഞ്ഞാൽ നിലവിലുള്ള മറ്റ് ഓഫീസ് കെട്ടിടങ്ങൾക്ക് കുറച്ചുകൂടി സൗകര്യപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയും. റവന്യൂ വകുപ്പിന്റെ പുതിയ സർക്കുലർ പ്രകാരം, ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൺട്രോൾ റൂം, വാർ റൂം എന്നീ സംവിധാനങ്ങൾക്ക് സ്പെഷ്യൽ യൂണിറ്റ് വേണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സ്വാഭാവികമായി അത്തരം സംവിധാനങ്ങൾ വരുമ്പോൾ, നിലവിലെ സിവിൽ സ്റ്റേഷനിൽ ഇതിനെല്ലാം പരിമിതിയുണ്ട്, സിവിൽസ്റ്റേഷന് സമീപം റവന്യൂവകുപ്പിന്റെ 36 സെന്റ് സ്ഥലം നിലവിലുള്ള സാഹചര്യത്തിൽ കാഞ്ഞിരപ്പള്ളിയുടെ വിശാലമായ സാധ്യതകൾ തിരിച്ചറിഞ്ഞും വില്ലേജ് ഓഫീസുകൾ സ്മാർട്ടായി മാറുന്ന കാലഘട്ടത്തിൽ, വളരെ സ്മാർട്ടായ റവന്യൂ കോംപ്ലക്സ് പ്രസ്തുത സ്ഥലത്ത് നിർമ്മിച്ച് കാഞ്ഞിരപ്പള്ളിയിലെ റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമമാക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ രംഗത്ത് പുതിയൊരു ദിശാബോധത്തോടെ റവന്യൂ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധാർഹമായ പ്രവർത്തനമായി ഇത് മാറാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും അനുകൂലമായ നിലപാടുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി എം. എൽ. എ.-യും കേരള സർക്കാരിന്റെ ചീഫ് വിപ്പുമായ ഡോ. എൻ. ജയരാജ് ഉന്നയിച്ച പ്രശ്നങ്ങളെ വളരെ ഗൗരവത്തോടെ റവന്യൂ വകുപ്പ്

കാണുകയാണ്. കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസും കാഞ്ഞിരപ്പള്ളി വില്ലേജ് ഓഫീസുമുൾപ്പെടെ ഏതാണ്ട് 25-ഓളം സർക്കാർ ഓഫീസുകൾ ഇപ്പോൾ കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിച്ചുവരുന്നത്. പുതിയതായി നിർദ്ദേശിച്ചിട്ടുള്ള ദുരന്ത നിവാരണ കൺട്രോൾ റൂം ആരംഭിക്കുന്നതിന് ഈ സിവിൽ സ്റ്റേഷനിൽ വേണ്ടത്ര സ്ഥലസൗകര്യമില്ല. കാഞ്ഞിരപ്പള്ളി പഴയ താലൂക്ക് ഓഫീസ് സ്ഥിതി ചെയ്തിരുന്നതും മിനി സിവിൽ സ്റ്റേഷന്റെ സമീപത്തുള്ളതുമായ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള കാഞ്ഞിരപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 11-ൽ റീസർവ്വേ നമ്പർ 123/2-ലുൾപ്പെട്ട 14 ആർ വസ്തു ഇപ്പോൾ അവിടെ നിലവിലുണ്ട്. ഈ സ്ഥലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണ്. കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ്, ഇലക്ഷൻ സ്റ്റോർ റൂം, ദുരന്ത നിവാരണ വാർ റൂം, റവന്യൂ ക്വാർട്ടേഴ്സുകൾ എന്നിവയുൾപ്പെടുത്തി റവന്യൂ കോംപ്ലക്സ് നിർമ്മിക്കുകയാണെങ്കിൽ അത് പൊതുജനങ്ങൾക്ക് വളരെ സൗകര്യപ്രദവും ഫലപ്രദവുമായിരിക്കും. ആയതിനാൽ റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്ന കാര്യം വിശദമായി പരിശോധിച്ച് തുടർനടപടി സമയബന്ധിതമായി സ്വീകരിക്കുന്നതാണെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകുന്നു.

### (6) പുനരധിവാസ - പുനഃസ്ഥാപന ധനസഹായം

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത വെങ്ങളം-അഴിയൂർ റീച്ച് ആറുവരിപാതയായി വികസിപ്പിക്കുന്നതിന് ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ചുകഴിഞ്ഞിരിക്കുന്നു. അവസാനഘട്ടത്തിൽ എത്തിയിരിക്കുന്ന സ്ഥലമെടുപ്പിന്റെ ഭാഗമായി പാതയോരങ്ങളിലെ നൂറുകണക്കിന് വ്യാപാരസ്ഥാപനങ്ങളും വീടുകളും ഏറ്റെടുത്തുവരികയാണ്. കച്ചവട സ്ഥാപനങ്ങൾ ഏറ്റെടുക്കുമ്പോൾ കെട്ടിടമുടമയ്ക്ക് മാത്രമാണ് നഷ്ടപരിഹാരത്തുക നൽകുന്നത്. കച്ചവടം ചെയ്യുന്ന വ്യാപാരിക്കോ അവിടത്തെ തൊഴിലാളിക്കോ ലഭിക്കേണ്ട പുനരധിവാസ ആനുകൂല്യങ്ങൾ നിലവിൽ നൽകുന്നില്ല. അതുപോലെ വീടുകൾ ഏറ്റെടുക്കുമ്പോൾ താല്ക്കാലിക വീട്ടുവാടക, വീടുമാറ്റത്തിനുള്ള ചെലവ്, ഉപജീവനബത്ത എന്നിവയും ഉടമയ്ക്ക് അനുവദിക്കുന്നില്ല. എന്നാൽ സർക്കാർ ഉത്തരവുപ്രകാരമുള്ള പുനരധിവാസ-പുനഃസ്ഥാപന പാക്കേജ് ആനുകൂല്യത്തിന് ഇവരർഹരാണ്. ഈ പാക്കേജ് പ്രകാരം കൊയിലാണ്ടി താലൂക്കിലെ സഹായത്തിന് അർഹരായവരുടെ ഒരു പ്രൊപ്പോസൽ റവന്യൂവകുപ്പിന്റെ അംഗീകാരത്തിനും നടപടിക്കുമായി കോഴിക്കോട് ജില്ലാ ലാൻഡ് അക്വിസിഷൻ വിഭാഗത്തിൽനിന്നും സമർപ്പിച്ചിട്ടുണ്ട്. പുനരധിവാസ-പുനഃസ്ഥാപന പാക്കേജിൽ അർഹരായവർക്ക് ഈ ആനുകൂല്യങ്ങൾ അനുവദിച്ചുനൽകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly